കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വിവിധ വികസന ബ്ലോക്കുകൾ വഴി ദുർബല വിഭാഗക്കാർക്കുവേണ്ടി നടപ്പിലാക്കിയ വില്ലേജ് ഹൗസിംഗ് പ്രോജക്ട്, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നീ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമുള്ള വായ്പാ കുടിശ്ശിക മുതലും, പലിശയും പിഴപലിശയും ഉൾപ്പെടെ കടബാദ്ധ്യത എഴുതിതള്ളി പണയാധാരങ്ങൾ തിരിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(എം.എസ്)നം: 67/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 28/2/2011

---

പരാമർശം: 1. സ.ഉ (അച്ചടിച്ചത്) 126/79/L&HD തീയതി, 21/12/79

2. സ.ഉ (അച്ചടിച്ചത്) 7/81/ഭവനം തീയതി, 21/1/81

3. 2009-10-ലെ ബഡ്ജറ്റ് പ്രസംഗം.

4. സ.ഉ. (എം.എസ്) 21/09/ഭവനം , തീയതി 30/5/2009

5. സ.ഉ (എം.എസ്) 223/09/തസ്വഭവ തീയതി, 21/11/2009

6. ഗ്രാമവികസന കമ്മീഷണറുടെ 1/3/10-ലെ 29032/ജെ.ആർ.വൈ1/03/സി.ആർ.ഡി നമ്പർ കത്ത്.

## ഉത്തരവ്

2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ 171-ാം ഖണ്ഡികയിൽ ദുർബല വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതിതള്ളുന്നത് സംബന്ധിച്ച് താഴെപ്പറയും പ്രകാരം പ്രഖ്യാപിച്ചിരുന്നു. " ഈ പാക്കേജിന്റെ ഭാഗമായി ദുർബല വിഭാഗങ്ങൾക്ക് വേണ്ടി 1996 കാലത്ത് ഹൗസിംഗ് ബോർഡ് വഴി നടപ്പാക്കിയ 12 സ്കീമുകളിൽ നിന്നുള്ള 117 കോടി രൂപ എഴുതിതള്ളുന്നതാണ്. ജില്ലാ കളക്ടർ വഴി നടപ്പാക്കിയ സ്കീമുകളിൽ നിന്നും 31 കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. രോഗികൾക്കും അശരണർക്കും 23 കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. 183 കോടി രൂപയുടെ ഈ കടബാദ്ധ്യതകൾ എഴുതിതള്ളും. നിലവിലുള്ളതും നേരത്തേ പ്രവർത്തനം നിറുത്തിയതുമായ വികസന അതോറിറ്റികൾ ദുർബല ജനവിഭാഗങ്ങൾക്ക് വേണ്ടി 1996-ന് മുൻപ് നൽകിയ ഭവന വായ്പ കുടിശ്ശികയും എഴുതിതള്ളുന്നു. ഇതോടെ 41500 പേർക്ക് തങ്ങളുടെ പണയാധാരങ്ങൾ തിരിച്ച് കിട്ടും. ''

2. മേൽ ഖണ്ഡികയിൽ സൂചിപ്പിരിക്കുന്ന 2009-10 ബഡ്ജറ്റ് പ്രസംഗത്തിലെ 171-ാം ഖണ്ഡികയിലെ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ പരാമർശം (4)-ലെ ഉത്തരവുപ്രകാരം ഭവന നിർമ്മാണ ബോർഡും ജില്ലാ കളക്ടർമാരും മുഖേന നടപ്പിലാക്കിയ സ്കീമുകൾ വഴി പിരിഞ്ഞു കിട്ടാനുള്ള തുക എഴുതിതള്ളുന്നതിനും ഗുണഭോക്താക്കൾക്ക് പണയാധാരങ്ങൾ തിരിച്ചു നൽകുന്നതിനും ഉത്തരവാകുകയുണ്ടായി. പരാമർശം (5)-ലെ ഉത്തരവ് പ്രകാരം നിറുത്തലാക്കിയതും നിലവിലുള്ളതുമായ വിവിധ വികസന അതോറിറ്റികൾ വഴിയായി ദുർബലവിഭാഗക്കാർക്ക് 1996-ന് മുൻപ് അനുവദിച്ച ഭവന നിർമ്മാണ വായ്പാ കുടിശ്ശിക മുതലും, പലിശയും, പിഴപ്പലിശയും ഉൾപ്പെടെ കടബാദ്ധ്യത എഴുതിതള്ളി പണയാധാരങ്ങൾ തിരിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (1) പ്രകാരം സംസ്ഥാനത്തെ 3000-രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള എല്ലാ ഗ്രാമീണർക്കും ഭവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ വില്ലേജ് ഹൗസിംഗ് പ്രോജക്റ്റ് സ്കീം ബ്ലോക്കുകൾ വഴി നടപ്പിലാക്കിയിരുന്നു. കൂടാതെ പരാമർശം (2) പ്രകാരം 4000രൂപയിൽ കവിയാത്ത വാർഷികവരുമാനമുള്ള ഭവന രഹിതർക്ക് ഭവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം പദ്ധതിയും നടപ്പിലാക്കുകയുണ്ടായി.

4. വികസന ബ്ലോക്കുകൾ വഴി 1970-കളുടെ അവസാനവും 1980-കളുടെ ആദ്യവും ഭവന നിർമ്മാണത്തിന് വായ്പാ സഹായം ലഭ്യമാക്കിയ വില്ലേജ് ഹൗസിംഗ് പ്രോജക്റ്റ് ( വി.എച്ച്.പി), റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം ( ആർ.ഡബ്ല്യു.എച്ച്.എസ്) എന്നീ രണ്ട് വായ്പാ സ്കീമുകൾ പ്രകാരം സർക്കാരിന് തിരികെ ലഭിക്കുവാനുള്ള വായ്പാ കുടിശ്ശിക പൂർണ്ണമായും എഴുതിതള്ളി ഗുണഭോക്താക്കൾക്ക് ആധാരം തിരിച്ചു നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (6) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ മേൽ വായ്പയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്കീമിന്റെ പേര് | മുതൽ | പലിശ | പിഴപലിശ | ആകെ കുടിശ്ശിക |
|---|---|---|---|---|
| വില്ലേജ് ഹൗസിംഗ് പ്രോജക്റ്റ് | 5013659/- രൂപ | 9499813/- രൂപ | 7650434/- രൂപ | 22163906/- രൂപ |
| റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം | 34094085/- രൂപ | 75979313/- രൂപ | 16844394/- രൂപ | 126917792/- രൂപ |

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1970-കളുടെ അവസാനവും 1980-കളുടെ ആദ്യവുമായി വികസന ബ്ലോക്കുകൾ വഴി ദുർബല വിഭാഗക്കാർക്കായി നടപ്പിലാക്കിയ ഭവന പദ്ധതികളായ വില്ലേജ് ഹൗസിംഗ് പ്രോജക്റ്റ് (വി.എച്ച്.പി), റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം ( ആർ.ഡബ്ല്യു.എച്ച്.എസ്) എന്നീ സ്കീമുകൾ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും മുതൽ, പലിശ, പിഴപ്പലിശ ഇനത്തിൽ സർക്കാരിന് തിരികെ ലഭിക്കുവാനുള്ള താഴെചേർക്കുന്ന തുകകൾ എഴുതിതള്ളുന്നതിനും പണയാധാരങ്ങൾ ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| സ്കീമിന്റെ പേര് | തുക |
|---|---|
| വില്ലേജ് ഹൗസിംഗ് പ്രോജക്റ്റ് (VHP) | 22163906/- ( രണ്ടുകോടി ഇരുപത്തി ഒന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി തൊള്ളായിരത്തി ആറ് രൂപ) |
| റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം (RWHS) | 126917792/- ( പന്ത്രണ്ട് കോടി അറുപത്തി ഒൻപത് ലക്ഷത്തി പതിനേഴായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ) |

6. വികസന ബ്ലോക്കുവഴി വായ്പ ലഭ്യമാക്കിയ ദുർബല വിഭാഗത്തിൽപ്പെടുന്ന അർഹരായ ഗുണഭോക്തക്കളുടെ വായ്പാ കുടിശ്ശിക എഴുതിതള്ളി അവരുടെ പണയാധാരങ്ങൾ തിരികെ നൽകുമ്പോൾ ബന്ധപ്പെട്ട സ്ഥാപനം ഓരോ ഗുണഭോക്താവിന്റെയും പേരിൽ എഴുതിതള്ളിയ തുകയുടെ വിശദമായ കണക്ക് ഗുണഭോക്താക്കളുടെ മേൽവിലാസം സഹിതം ഗ്രാമവികസന കമ്മിഷണർക്ക് മൂന്നുമാസത്തിനകം ലഭ്യമാക്കേണ്ടതും ഗ്രാമവികസന കമ്മീഷണർ തുടർന്നുള്ള ഒരു മാസത്തിനകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എസ്.എം.വിജയാനന്ദ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
എല്ലാ ബ്ലോക്ക് സെക്രട്ടറിമാർക്കും (ഗ്രാവികസന കമ്മീഷണർ മുഖാന്തിരം)
ഭവന വകുപ്പ്
ധനകാര്യ വകുപ്പ്
തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ